നം: എ4/102/11/റ്റിബിഒ.

പാഠപുസ്തക ആഫീസറുടെ കാര്യാലയം,
പത്മവിലാസം, ഫോർട്ട്, തിരുവനന്തപുരം,
തീയതി: 2/7/2011.

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം-പാഠപുസ്തക വിതരണം 2011-12 - പുസ്തകങ്ങൾ ലഭിച്ചത് സംബന്ധിച്ച കണക്ക്.

സൂചന:- ഈ ആഫീസിലെ 1.7.2011-ലെ ഈ വിഷയത്തിലുള്ള ഇതേ നമ്പർ സർക്കുലർ.

.........

സൂചനയിലെ സർക്കുലറിലേക്കും ഈ വിഷയത്തിൽ 1.7.2011-ൽ ബഹു. വിദ്യാഭ്യാസ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ അവലോകന യോഗത്തിലെ തീരുമാനങ്ങളിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. പാഠപുസ്തക വിതരണവുമായി ബന്ധപ്പെട്ട് സ്കൂളുകൾ നൽകിയ ഇൻഡന്റുകളുടേയും ഇപ്പോൾ നൽകാൻ നിർദ്ദേശിച്ചിരിക്കുന്ന ലഭ്യത സംബന്ധിച്ച വിവരങ്ങളുടേയും ക്രോഡീകരിച്ച റിപ്പോർട്ടുകൾ ജില്ലാ/വിദ്യാഭ്യാസ ജില്ല/ഉപജില്ല അടിസ്ഥാനത്തിൽ പരിശോധിക്കുന്നതിന് വിദ്യാഭ്യാസ ആഫീസർമാർക്ക് വെബ്സൈറ്റിൽ തന്നെ അവസരം നൽകിയിട്ടുണ്ട്. യഥാക്രമം വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ആഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ എന്നിവർക്ക് തങ്ങളുടെ പരിധിയിൽപ്പെടുന്ന സ്കൂളുകളുടെ വിവരങ്ങൾ പരിശോധിക്കാവുന്നതാണ്.

ഇതിനായി വെബ്സൈറ്റിൽ പ്രവേശിക്കുന്നതിനുള്ള യൂസർ നെയിമും പാസ്വേഡും അതാത് ആഫീസർമാർക്ക് ഇ-മെയിൽ ആയി ഇന്നു മുതൽ ലഭിക്കുന്നതാണ്. ഇവ ഉപയോഗിച്ച് www.keralabooks.org എന്ന വെബ്സൈറ്റിലെ Textbook Receipt എന്ന ലിങ്കിൽ പ്രവേശിച്ച് report tab ക്ലിക്ക് ചെയ്താൽ ഓരോ വിഭാഗത്തിനുമുള്ള ക്രോഡീകരിച്ച റിപ്പോർട്ട് ലഭിക്കുന്നതാണ്. ഇത്തരം റിപ്പോർട്ടുകൾ പരിശോധിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കൂടി വെബ്സൈറ്റിലെ ഹോം പേജിൽ നൽകിയിട്ടുണ്ട്.

യോഗ തീരുമാനമനുസരിച്ച് 5.7.2011-നു തന്നെ എല്ലാ വിദ്യാഭ്യാസ ആഫീസർമാരും തങ്ങളുടെ പരിധിയിൽപ്പെടുന്ന സ്കൂളുകൾ നൽകിയ കണക്കുകൾ പരിശോധിക്കുകയും വിശ്വാസ്യത ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്. അതായത് ഓരോ സ്കൂളും നൽകിയ പുസ്തക ലഭ്യത (Textbook Receipt) സംബന്ധിച്ച കണക്ക് ശരിയാണോ എന്ന് പരിശോധിക്കുകയും പോരായ്മകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അത് ഉടനെ പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

ഇത്തരം റിപ്പോർട്ടുകൾ സംബന്ധിച്ച വ്യക്തമായ വിവരങ്ങളാണ് 6.7.2011–ൽ നടക്കുന്ന വീഡിയോ കോൺഫറൻസിൽ അവതരിപ്പിക്കേണ്ടതാണ്. വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് കണക്കുകളുടെ വിശ്വാസ്യതയും പുസ്തക വിതരണത്തിന്റെ യഥാർത്ഥ സ്ഥിതിയും ആണ് കോൺഫറൻസിൽ അവതരിപ്പിക്കേണ്ടത്. വിദ്യാഭ്യാസ ആഫീസർമാർക്ക് റിപ്പോർട്ടുകൾ വെബ്സൈറ്റിൽ നിന്നും പരിശോധിക്കുന്നതിനായി പരിചയ സമ്പന്നരായ ഐ.റ്റി. അദ്ധ്യാപകരുടെ സേവനം ഈ ദിവസങ്ങളിൽ ഉപയോഗിക്കാവുന്നതാണ്. ഇതിനുവേണ്ട നിർദ്ദേശങ്ങൾ ഐ.റ്റി. സ്കൂൾ ഡയറക്ടർക്കും ബന്ധപ്പെട്ട കോ–ഓർഡിനേറ്റർമാർക്കും നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച ഏതു സംശയങ്ങൾക്കും വെബ്സൈറ്റിലെ ഹോം പേജിൽ നൽകിയിരിക്കുന്ന ഹെൽപ് ലൈൻ നമ്പരുകളിൽ വിളിക്കാവുന്നതാണ്.

**നമ്പറുകൾ**

1. Mr. CM. Basheer(**Dy. Manager**) - 9446477455
2. Mr. M.P.Ramakrishnan(**Asst. Manager** ) - 9446472566
3. Mr. K. Ashokan(**PM-KBPS**) - 9846098510
4. Mr. Santhosh Joseph (**ME,KBPS**) - 9447391278
5. Mr. Joji Issac - 9446565034

**ശ്രദ്ധിക്കുക**

വെബ്സൈറ്റിൽ ലോഗ് ഇൻ ചെയ്യുന്നതിനുള്ള യൂസർ നെയിമും പാസ് വേഡും വിദ്യാഭ്യാസ ആഫീസർമാരുടെ ഔദ്യോഗിക ഇ–മെയിലിലേക്ക് ഇന്നു മുതൽ അയച്ചു തരുന്നതാണ്. വെബ്സൈറ്റ്: www.keralabooks.org

*പാഠപുസ്തക ആഫീസർ*

*എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.*

*പകർപ്പ്:*
1. *എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.*
2. *എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.*